"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു"
(യോഹ: 14:6)

# ജീവ വഴി

Malayalam



www.thelivingway.in

Volume 12 | Issue 30 | July 2020

# EDITORIAL BOARD

*Publication Director*
**Pr. LIVINGSTON ZECHARIAH**

*Chief Editor*
**Sis. BINCY LIVINGSTON**

*Team*
**Pr. JOANSON ZAHARIYA**
**Pr. DANIEL P.S.**
**Pr. BIJU KOSHY**
**Bro. JOHN K. ALEXANDER**
**Bro. JOHN P. ANTONY**
**Bro. IMMANUEL MANI**
**Bro. BALASUNDARAM**
**Sis. MEENA AMUTHAN**
**Sis. SOPHIE VARUGHESE**
**Sis. SUSAN SARAH GEORGE**
**Sis. SHARINE J.**

*Computer Designing*
**ANON GRAPHIX**
**Chembur**

*Printing*
**BHANDUP OFFSET**

*Publisher*
**THE LIVING WAY MINISTRIES**
**Mumbai - 400 078.**


## ഉള്ളടക്കം


സമൃദ്ധി .................................. 4

ശ്രദ്ധേയരായ സ്ത്രീകൾ ........... 10

ബൈബിൾ ക്വിസ് ...................... 11

മിഷണറി പ്രവർത്തനങ്ങൾ ......... 15

പ്രാർത്ഥനാ വീരനായ ജോർജ്ജ് മുള്ളർ .......... 17



*Hear our new worship song*

**KALANGARAI VILAKKAAM**

YouTube

www.youtube.com/livingwayindia

**LIVINGWAY MEDIA**

**LIKE | SHARE | SUBSCRIBE**


**For your Offerings & Donations ......**
The Living Way Ministries
and Charitable Trust
A/c. No. 35061155727
(or) Livingston Zechariah
A/c. No. 10870977445
State Bank of India,
Bhandup Branch (0562), Mumbai.
IFS Code : SBIN0000562

## ചിന്താവിഷയം

"ചില തോൽവികൾ സന്തോഷത്തോടെ ഉയരാനുള്ള മാർഗ്ഗങ്ങളാണ്"
– ഷേക്സ്പിയർ

# മനസു തുറന്നു നിങ്ങളോട്.........



പുതുവർഷത്തെ പുഞ്ചിരിയോടെയാണ് നാമെല്ലാം സ്വാഗതം ചെയ്തത്. പല പ്രതീക്ഷകളും പല ചിന്തകളും പല പദ്ധതികളും ഹൃദയത്തിൽ പൂവണിഞ്ഞ് അതിന്റെ പൂർത്തീകരണത്തിലെത്തുവാൻ വെമ്പിക്കൊണ്ടിരിക്കെയാണ് പ്രശ്നങ്ങൾ ഓരോന്നായി രംഗപ്രവേശം നടത്തിയത്. ലോകരാജ്യങ്ങളെ മാത്രമല്ല ഓരോ വ്യക്തികളുടെയും ജീവിതത്തെയാണ് വർഷത്തിന്റെ പകുതിയോളം പിന്നിട്ടിട്ടും താളടിയാക്കിയിരിക്കുന്നത്.

അമേരിക്കയുടെ ആക്രമണത്തിൽ ഇറാൻ ജനറൽ ക്വാസം സുലൈമാനിയുടെ മരണവും തുടർന്നുണ്ടായ സംഭവവികാസങ്ങളും മൂന്നാം ലോകമഹായുദ്ധത്തിലേക്കാണോ നീങ്ങുന്നതെന്ന ആശങ്ക പരത്തിയിരുന്നു. മാത്രമല്ല, ഇന്ത്യയിലെ പൗരത്വ പ്രശ്നം മറ്റൊരു പ്രശ്നം സൃഷ്ടിച്ചു. മതാടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കപ്പെടുന്ന സാഹചര്യം കൊണ്ട് വരുവാൻ ഇഷ്ടപ്പെടുന്ന ഒരു സമൂഹം പറയുന്നത്, ജന്മം കൊണ്ട് മാത്രം പോര, മതത്തിന്റെ പേരും പരിഗണന വിഷയമാണെന്നും അതുകൂടെ കണക്കിലെടുത്താണ് പൗരത്വം നിർണ്ണയിക്കപ്പെടേണ്ടത് എന്നാണ് അവകാശവാദം ഉന്നയിച്ചത്. ഇതെല്ലാം മാധ്യമ ചർച്ചാവിഷയം ആയതിനാൽ എല്ലാവർക്കും അറിവുള്ളതാണല്ലോ. കൂടാതെ വിലക്കയറ്റം. അങ്ങനെ പല പല കാര്യങ്ങൾ ഈ വർഷത്തിൽ തർക്കവിഷയങ്ങളും അതിന്റെ പ്രതികരണങ്ങളും ആയിരുന്നെങ്കിൽ ലോകത്തെ മുഴുവൻ തകിടം മറിച്ച് എന്തുചെയ്യണമെന്നറിയാതെ ലോകനേതാക്കന്മാർ പോലും ഭയപ്പെടുന്ന, ആയുസ്സിന്റെ മധ്യത്തിൽ അനേക ജീവതങ്ങൾ മൺമറഞ്ഞു പോയ കൊറോണ അഥവാ കോവിഡ്–19 എന്ന മഹാവ്യാധി വില്ലനായി രംഗപ്രവേശം നടത്തി ഇന്നും വീര താണ്ഡവമാടി കൊണ്ടിരിക്കുകയാണ്. ഇതിന്റെയിടയ്ക്ക് തന്നെ ഭൂമികുലുക്കം, നിസർഗ കൊടുങ്കാറ്റ്, വിട്ടിൽ സേനയുടെ പാളയമിറങ്ങൽ, വെള്ളപ്പൊക്ക ഭീഷണി തുടങ്ങിയ പ്രതിസന്ധികളെല്ലാം കണ്ടും കേട്ടും മനുഷ്യൻ നിസ്സഹായനായി നിലകൊള്ളുകയാണ്.

ഈ ചില മാസങ്ങൾക്കുള്ളിൽ ലോകജനത പല കാര്യങ്ങളും പഠിച്ചു എന്നു വേണം പറയാൻ. മാനുഷികമായ ബലം കൊണ്ട് പലതും നേടാം എന്ന ചിന്ത വ്യർത്ഥമാണെന്നും പല സാഹചര്യങ്ങളിലും ഒന്നും ചെയ്യുവാൻ കഴിയില്ലെന്നും ഹോസ്പിറ്റലുകൾ ഉണ്ടായതുകൊണ്ട് രോഗം ഭേദമാക്കാമെന്ന് വിചാരിക്കാൻ കഴിയില്ലെന്നും, അങ്ങനെ പലതും പലതും മനുഷ്യൻ പഠിച്ചുകഴിഞ്ഞു. ആലയങ്ങൾ അടക്കപ്പെട്ടതുകൊണ്ട് ആധുനിക മാധ്യമങ്ങളിലൂടെ വീടുകൾ ആലയങ്ങളായി മാറാൻ ദൈവം സഹായിച്ചു. അതുകൊണ്ടു തന്നെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മകളിലൂടെയും മറ്റു ആധുനിക മാധ്യമങ്ങളുടെ ഉപയോഗങ്ങളിലൂടെയും ദൈവവചനത്തിന്റെ ലഭ്യത സുലഭമായി മനുഷ്യരിലേക്ക് എത്തുകയുണ്ടായി.

മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത് എന്ന് സങ്കീ. 118:8 ൽ പറഞ്ഞിരിക്കുന്നു. ദൈവത്തിലുള്ള ആശ്രയം ആണ് ഒരു വ്യക്തിയെ നിലനിർത്തുന്നത്. ഏതു സാഹചര്യത്തിലും വിളിച്ചാൽ ഓടി അരികിലെത്തുന്ന നല്ല സഖിയായി ദൈവം നമ്മുടെ കൂടെയുണ്ട് എന്നുള്ള ഉറപ്പാണ് ഒരു ദൈവപൈതലിനെ നിലനിർത്തുന്നത്. രോഗശയ്യയിൽ, വേദന നിമിഷങ്ങളിൽ, ആരും സഹായമില്ലാത്ത നിസ്സഹായാവസ്ഥയിൽ ആയിരിക്കുമ്പോൾ, അടുത്തു വരുവാൻ, ആലോചന പറഞ്ഞു തരുവാൻ, താങ്ങും തണലുമായി ഇരിക്കുവാൻ അരുമനാഥൻ കൂടെയുണ്ട്. അതുകൊണ്ട് ഇന്നു നേരിടുന്ന അനിയന്ത്രിതമായ പ്രതിസന്ധികളുടെ മധ്യത്തിലും ദൈവത്തിൽ മാത്രം ആശ്രയിക്കുക. കാരണം നമുക്കായി പ്രവർത്തിക്കുവാൻ യഹോവയുടെ വലംകൈ ഉയർന്നിരിക്കുകയാണ്. തന്നിൽ ആശ്രയിക്കുന്നവരെ ദൈവം ഒരിക്കലും കൈവിടുകയില്ല, ഉപേക്ഷിക്കുകയില്ല.

ജീവവഴി പ്രവർത്തനങ്ങളെ ദൈവം ഇത്രത്തോളം കൊണ്ടുവന്നതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞ പതിനാല് വർഷവും ദൈവം ഈ പ്രവർത്തനത്തെ അനുഗ്രഹത്തിന്റെ പാതയിലൂടെ നടത്തി. പതിനഞ്ചാമത്തെ വർഷത്തിലേക്ക് പ്രവേശിക്കുന്ന ഇത്തരുണത്തിൽ, പ്രത്യേകം ശുശ്രൂഷയുടെ വികസന മേഖലയിലേക്ക് കാൽ വയ്ക്കുവാൻ ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥനയിൽ ഓർക്കുമല്ലോ... നിങ്ങളുടെ പ്രാർത്ഥനയാണ് ഇത്രത്തോളം ഈ പ്രവർത്തനം വിജയകരമായി തീർന്നത്. തുടർന്നും പ്രാർത്ഥനയിൽ ഓർക്കുമല്ലോ. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതായിരിക്കും. ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,

**ലിവിംഗ്സ്റ്റൻ സഖറിയ**
മുംബൈ – 78

0 93245 59533
pastorzlivingston@gmail.com

# സമൃദ്ധി

Pastor Livingston Zechariah

ദൈവം വാഗ്ദത്തം ചെയ്യുന്നവനും അതിൽ തന്നെ വിശ്വസ്തനുമാണ്. തിരവചനമുടനീളം വാഗ്ദത്തങ്ങളും അതിന്റെ നിവൃത്തിയും തന്റെ ഭക്തന്മാരോടുള്ള ദൈവത്തിന്റെ വിശ്വസ്തതയും കാണുവാൻ സാധിക്കും. പഴയനിയമ ഭക്തന്മാരോടുള്ള ദൈവത്തിന്റെ വിശ്വസ്തത എപ്രകാരമായിരുന്നോ അതിൽ ഒട്ടും കുറവില്ലാതെ തന്നെ ദൈവം ഇന്നും തന്റെ മക്കളോടു വിശ്വസ്തത പുലർത്തുവാൻ ഒട്ടും മടി കാണിക്കുന്നില്ല. നാം സേവിക്കുന്ന ദൈവം ആരാണെന്നും ആ ദൈവം ചെയ്തിരിക്കുന്ന വാഗ്ദത്തത്തിന്റെ ആഴവും ഉയരവും നീളവും വീതിയും എത്രത്തോളമാണെന്നുമുള്ള ഉറപ്പ് പ്രാപിക്കേണ്ടത് ദൈവമക്കളായ നാമോരോരുത്തരുമാണ്. ആ ഉറപ്പു പ്രാപിക്കുന്ന ഒരു ദൈവപൈതലിന് പ്രതികൂലങ്ങളിലും കുരത്താർജ്ജിക്കുവാൻ കഴിയും. പഴയനിയമ ഭക്തന്മാരെല്ലാം തന്നെ വാഗ്ദത്തം ചെയ്ത ദൈവത്തെ വിശ്വസിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്തു. ഈ കാത്തിരിപ്പാണ് ഇവരെ ദൈവത്തോട് അടുപ്പിച്ചത്.

വാഗ്ദത്തങ്ങൾ ശേഷിക്കപ്പെട്ടിരുന്നവർക്ക് സദ്വാർത്തയുണ്ട്. കാത്തിരുന്ന വിഷയങ്ങൾക്ക് മറുപടി ലഭിക്കുമെന്നു വിചാരിച്ചിട്ടും വാഗ്ദത്തം ശേഷിപ്പിച്ചുകൊണ്ട് സംവത്സരം കടന്നുപോയികൊണ്ടിരിക്കുന്നു. എന്നാൽ വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്. അൽപം താമസിക്കുന്നതുപോലെ എന്തായാലും ദൈവത്തിന്റെ സമാധാനം അതു നിറവേറ്റുവാൻ കഴിവുള്ള ദൈവമാണ് നമ്മുടെ ദൈവം.

'സമൃദ്ധി' എന്നു കേൾക്കുവാൻ തന്നെ എല്ലാവരും ആഗ്രഹിക്കും. ഈ പദത്തിന് ധാരാളത, സമ്പുഷ്ടി, വർദ്ധന, ഐശ്വര്യം, പ്രഭാവം എന്നൊക്കെ അർത്ഥമുണ്ട്. ഈ അർത്ഥങ്ങളുടെയെല്ലാം മറവിൽ ഒരു സന്തോഷം ഒളിച്ചിരിപ്പുണ്ട്. എന്നാൽ കേവലം ഇത് ഭൗതീകം മാത്രമല്ല, പ്രത്യുത ആത്മീകവുമാണ്. കാരണം കർത്താവായ യേശുക്രിസ്തു ഈ ലോകത്തിലേക്ക് കടന്നു വന്നതുപോലും ജീവനുണ്ടാകുവാൻ മാത്രമല്ല സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ (യോഹ. 10:10). അതുകൊണ്ട് സമൃദ്ധി എന്നു പറയുമ്പോൾ നമ്മുടെ ബൗദ്ധീക തലത്തിൽ മാത്രം നിന്നുകൊണ്ട് ചിന്തിക്കാവനാവില്ല. അത് ആത്മീകവുമാണ്. ഒരു ദൈവപൈതലിന്റെ ആത്മീക-ഭൗതീകമായ എല്ലാ മേഖലകളിലും ഒരു സമൃദ്ധിയുണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നത് **"ഇതാ, ഞാൻ രോഗശാന്തിയു ആരോഗ്യവും വരുത്തി അവരെ സൗഖ്യമാക്കുകയും സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി അവർക്കു വെളിപ്പെടുത്തുകയും ചെയ്യും" (യിര. 33:6)** എന്നത്രേ. സമൃദ്ധിയുടെ വർഷം എന്ന ദൈവീക വാഗ്ദത്തത്തിന്റെ മറവിൽ നിന്ന് രോഗസൗഖ്യവും ആരോഗ്യവും സമാധാനവും സത്യസമൃദ്ധിയും പ്രാപിക്കുവാൻ ഓരോ ദൈവപൈതലിനും ഇടയായിത്തീരണം. വചനം സ്വീകരിക്കുന്ന എല്ലാവർക്കും അക്ഷരീകമായിത്തന്നെ അനുഗ്രഹവും ലഭ്യമായിത്തീരും.

യെഹൂദാ ജനതയുടെ ജീവിതത്തിലെ ഏറ്റവും ദുർഘടമായ ഒരു കാലഘട്ടത്തിൽ പ്രവാചക ശുശ്രൂഷക്കു വേണ്ടി ദൈവം തെരഞ്ഞെടുത്ത ഒരു ബാലനായിരുന്നു യിരെമ്യാവ്. പ്രവാചക ശുശ്രൂഷക്കായിട്ടു വിളിക്കപ്പെട്ടപ്പോൾ തന്നെ ജനങ്ങൾ വിഗ്രഹാരാധനയിലേക്കും ദുഷ്ടതയിലേക്കും നീങ്ങുന്നതു കണ്ടപ്പോൾ അവർക്കു ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന ആപത്തിനെ താക്കീതു നൽകുകയും മടങ്ങിവരുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുകയാണ് പ്രവാചകൻ. പിൻമാറ്റത്തിൽ നിന്നും മടങ്ങിവന്നാൽ ലഭിക്കുന്ന അനുഗ്രഹങ്ങളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന തിരുവചനം. ഇക്കാലത്തും ദൈവസ്നേഹത്തിൽ നിന്നും അന്യപ്പെട്ടു പോയവർ മടങ്ങിവന്നാൽ ഈ വചനത്താൽ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കും.

ഇരുവിധ അനുഗ്രഹമാണ് ദൈവവചനാടിസ്ഥാനത്തിൽ സമൃദ്ധിയിൽ നിന്നും ഞാനിവിടെ ഉദ്ധരിക്കുവാൻ ആഗ്രഹിക്കുന്നത്.

**1. ഭൗതീകമായ സമൃദ്ധി**

**2. ആത്മീയമായ സമൃദ്ധി**

ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഈ രണ്ടു സമൃദ്ധിയുടെയും ഉറവിടം ദൈവത്തിൽ നിന്നാണ്. നമ്മുടെ ആത്മീയകണ്ണുകൾ തുറന്ന് ഉയരത്തിൽ നിന്നുള്ള സമൃദ്ധിയുടെ ഉറവുകൾ കാണാൻ കഴിയുന്നുവെങ്കിൽ ദൈവത്തോട് അടുത്തു ജീവിക്കുവാൻ തയ്യാറാകും. ഇതു വായിക്കുന്ന പ്രിയ ദൈവപൈതലേ, സമൃദ്ധി ആഗ്രഹിക്കുന്നുവെങ്കിൽ പ്രാപിക്കുവാൻ ഒരു സ്ഥാനം മാത്രമേയുള്ളൂ. സമർപ്പണത്തോടെ ഉയരത്തിലേക്കു കണ്ണുകൾ ഉയർത്തുക. നിങ്ങൾക്കുള്ള വാഗ്ദത്തമാണ് യിരമ്യാവ് 33:6.

**1) ഭൗതീക സമൃദ്ധി**

ദൈവത്തിന്റെ പൈതലിനു ദൈവം നൽകുന്ന അനുഗ്രഹമാണ് ഭൗതീക നന്മകൾ. ഈ നന്മകൾ ലഭ്യമാകുന്നത്, വിവിധ രീതിയിലാകാം. ദൈവം പ്രകൃതിയെ അനുഗ്രഹിച്ചു (ഉൽപ. 1:22). മനുഷ്യരെ അനുഗ്രഹിച്ചു (1:25) അബ്രഹാമിനെ അനുഗ്രഹിച്ചു(12:2). ഈ അനുഗ്രഹ സമൃദ്ധിയെല്ലാം ദൈവത്തിൽ നിന്നും മനുഷ്യർക്കു ലഭിച്ച നന്മയാണ്. ദൈവം ചെയ്യുന്ന ഈ ഉപകാരങ്ങൾക്കു പകരം കൊടുക്കുവാൻ മനുഷ്യനാവില്ല എങ്കിലും നന്ദിയുള്ള ഹൃദയവും ദൈവത്തോടുള്ള വിശ്വസ്തതയും പറ്റിയിരിക്കുന്ന മനസ്സും ദൈവമാഗ്രഹിക്കുന്നു. ഭൗതീക സമൃദ്ധി പ്രാപിക്കുാവാൻ നമ്മുടെ പ്രവർത്തിയും കൂടെ അത്യാന്താപേക്ഷിതമാണ്. കാരണം പ്രാപിച്ച നന്മകൾക്കും സമൃദ്ധിക്കും പിന്നിൽ ഭക്തന്മാരും ദൈവത്തിന്റെ കരത്തിലെ ആയുധമായി പ്രയോചനപ്പെട്ടിരുന്നു. ഭൗതീകമായ സമൃദ്ധി പ്രാപിക്കുവാൻ നാം ചെയ്യേണ്ട ചില മർഗ്ഗങ്ങൾ ചുവടെ കുറിക്കുന്നു.

**1. അസാധ്യതകളുടെ നടുവിൽ സാധ്യത കണ്ടെത്തുക :**

എങ്ങനെയാണ് ഒരു വ്യക്തി അസാധ്യതകളുടെ നടുവിൽ സാധ്യത കണ്ടെത്തുവാൻ കഴിയുന്നത്. ഇത് ഒരു ദൈവപൈതലിനു മാത്രം സാധിക്കുന്ന ഒരു വസ്തുതയാണ്. കാരണം രക്ഷിക്കപ്പെടുന്നതിനു മുമ്പ് ഒരു വ്യക്തി പിശാചിന്റെ ആയുധമായതിനാൽ അവൻ നയിക്കപ്പെടുന്നത് ദുഷ്ടാത്മാവിനാലത്രേ. എന്നാൽ രക്ഷിക്കപ്പെട്ടതിനു ശേഷം ഒരു വ്യക്തി നീതിയുടെ വാഹനമായി പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നതുകൊണ്ട് അധികം പ്രയാസമുള്ള വിഷയങ്ങൾ ദൈവാത്മാവ് കാണിച്ചുകൊടുക്കുന്നതിനാൽ അസാധ്യതകളിൽ സാധ്യത

കണ്ടെത്തുവാൻ ഏറെ പണിപ്പെടേണ്ടതില്ല.

യിസ്രായേൽ ജനം മിദ്യാന്യരാൽ ഏറിയോന്നു കഷ്ടതകൾ സഹിച്ചു ഭയപ്പെട്ടു യഹോവയോടു നിലവിളിച്ചു. ദൈവം തന്റെ ജനത്തിന്റെ നിലവിളി കേട്ടു. ദൈവം തന്റെ കയ്യിലെ ആയുധമായി ഉപയോഗിക്കുവാൻ ഒരു മനുഷ്യനെ തിരഞ്ഞുകൊണ്ടിരിക്കവെ അബ്രിയേസ്ര്യനായ യോവാശിന്റെ മകനായ ഗിദെയോൻ വിളവെടുക്കുന്ന സമയത്ത് ആ വിളവ് മിദ്യാന്യർ കൊണ്ടുപോകാതിരിക്കുവാൻ കോതമ്പു മുന്തിരിച്ചക്കിനരികെവെച്ച് മെതിക്കുകയായിരുന്നു. അവിടെ യഹോവയുടെ ദൂതൻ കടന്നുചെന്നു ഗിദെയോനെ ക്ഷണിക്കുന്നു. (ന്യായാ. 6:11). ഏഴു വർഷം മിദ്യാന്യരാൽ ജനം കഷ്ടപ്പെട്ടു. എന്നാൽ എല്ലാവർക്കും നഷ്ടപ്പെടുന്നതുപോലെ നഷ്ടപ്പെടുത്തുവാൻ ഗിദെയോനു താൽപര്യമില്ല. മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥമായ ഒരു ചിന്താഗതി ഗിദെയോനു ഉണ്ടായി. എല്ലാറ്റിനും ഒരു വിടുതൽ എന്നവണ്ണം ഗിദെയോൻ സാധ്യത കണ്ടെത്തുകയായിരുന്നു. മിദ്യാന്യരെ ഭയന്നാണ് അവിടെയിരിക്കുന്നത്. കാരണം മെതിക്കുന്നത് കോതമ്പും ഇരിക്കുന്ന സ്ഥലം മുന്തിരിച്ചക്കിന്നരികെയുമാണ്. മാത്രമല്ല ജീവനുപോലും ഹാനി സംഭവിക്കാവുന്ന അവസ്ഥയാണവരുടേത്. കാരണം മിദ്യാന്യരുടെ ഉപദ്രവം സഹിക്ക വയ്യാതെ ജനം ഗഹ്വരങ്ങളിലും ഗുഹകളിലും ദുർഗ്ഗങ്ങളും ശരണമാക്കി ഓടുകയാണ് (ന്യായാ. 6:1-6). അവിടെയാണ് ഗിദെയോൻ സാധ്യത കണ്ടെത്തിയത്. പ്രിയ ദൈവപൈതലേ, ശത്രുവിന്റെ ഉപദ്രവം ഹേതുവായി ദുഃഖിച്ചു നടക്കുന്ന സാഹചര്യം നിന്റെ ജീവിതത്തിലുണ്ടായിരിക്കാം. മറ്റുള്ളവരുടെ ശല്യം കാരണം ഓടി ഒളിക്കുന്നവരായിരിക്കാം. പിശാചിന്റെ പലവിധത്തിലുള്ള ഉപദ്രവങ്ങൾ ജോലി മേഖലകളിലോ കുടുംബജീവിതത്തിലോ അനുഭവിക്കേണ്ടി വന്നിരിക്കാം. മിദ്യാന്യരെപ്പോലെ പെരുമാറുന്ന മക്കൾ അഥവാ കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പത്ത് നശിപ്പിക്കുന്ന തലമുറയുണ്ടായിരിക്കാം. അതിൽ നിന്നൊരു വിടുതൽ ആഗ്രഹിക്കുന്നുണ്ടാവാം. ഗിദെയോൻ ഒരു തീരുമാനമെടുത്തു. വിളവു മിദ്യാന്റെ കയ്യിൽ പെടരുത് (ന്യായാ. 6:1). ജീവിതത്തിൽ വെല്ലുവിളിയുണ്ടായിരുന്നു. പക്ഷെ തീരുമാനം വിട്ടുകൊടുക്കുകയില്ല എന്നായിരുന്നു.

ഗിദെയോന്റെ ഹൃദയാന്തർഭാഗത്തുള്ള പരാക്രമമാണ് ദൈവത്തിന് ഇഷ്ടപ്പെട്ടത്. അതുകൊണ്ടാണ് പരാക്രമശാലിയേ എന്നു ദൈവം വിളിക്കുന്നത്. ഈ ഗിദെയോൻ എന്ന യെരുബ്ബാൽ മൂലമാണ് മിദ്യാന്യരുടെ കയ്യിൽ നിന്നും ദൈവം യിസ്രായേലിനെ വിടുവിച്ചത്. ഇതു വായിക്കുന്ന പ്രിയ സഹോദരാ, സഹോദരീ, സാധ്യത കണ്ടുപിടിക്കുവാനുള്ള പരമാക്രമം നിങ്ങളിലുണ്ട്. പുറം കണ്ണു കണ്ടു നോക്കിയാൽ കാണുന്നത് അസാധ്യത മാത്രമായിരിക്കും. എല്ലാം ശൂന്യം എന്നു തോന്നും. പക്ഷെ അകക്കണ്ണ് തുറക്കുന്നെങ്കിൽ അസാധ്യതകളുടെ നടുവിൽ സാധ്യത ഒളിച്ചിരിക്കുന്നതു കാണാം. അതേ, അതു നിങ്ങളിൽ നിന്നും പുറത്തേക്കുവരട്ടെ. ഭൗതീക സമൃദ്ധി അതു മുഖാന്തരം അനുഭവിക്കുവാൻ കഴിയും. വരൾച്ചയിൽ ഉയർച്ച കാണുക. പ്രതികൂലങ്ങളിൽ അനുകൂലം കണ്ടുപിടിക്കുക.

### 2. ദൈവത്തെ പരീക്ഷിച്ചറിയുക :

ഭൗതീകമായ സമൃദ്ധിയുണ്ടാകുന്നത് ദൈവീക നന്മയാണെന്നു പറഞ്ഞുവല്ലോ. ദൈവപൈതലിനു നന്മയുണ്ടാകുവാൻ ദൈവത്തെ പരീക്ഷിച്ചറിയുവിൻ എന്ന് ദൈവം തന്നെയാണ് മലാഖി പ്രവാചകൻ മൂലം അറിയിക്കുന്നത് (മലാഖി 3:10). മാത്രമല്ല സദൃശവാക്യങ്ങൾ 3:10 "അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും; നിന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും എന്നെഴുതിയിരി

ക്കുന്നു. സദൃശവാക്യങ്ങൾ 3:9 ൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യുന്നവനുള്ള പ്രതിഫലമാണ് 10-ാം വാക്യം. യിസ്രായേൽ ജനം ദൈവം തങ്ങളെ വീണ്ടെടുത്തെന്ന വസ്തുത മനസ്സിലാക്കി ദൈവത്തിനു കൊടുക്കുന്നതു (ആവ. 26:1-10) അവർക്കു സന്തോഷപ്രദമായിരുന്നു.

ദൈവം തങ്ങൾക്കു കൊടുത്ത വീണ്ടെടുപ്പിനു ബദലായി അവർക്കൊന്നും കൊടുക്കുവാനില്ലെന്നും കുറഞ്ഞപക്ഷം എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടെങ്കിലും ബഹുമാനിക്കുവാൻ അവർ തീരുമാനിച്ചു.

ഞാൻ ദൈവത്തിനു കൊടുക്കുന്നത് 'എന്റേതിൽ നിന്നെടുത്തല്ല, ദൈവം എനിക്കു തന്നെ നന്മയിൽ നിന്നുമാണ് ' എന്ന മനോഭാവം ഉണ്ടായിരിക്കണം. കാര ണം നമ്മുടെ ആരോഗ്യം ദൈവത്തിന്റെ ദാനമത്രേ. ഈ ചിന്താഗതിയോടെയല്ല കൊടുക്കുന്നതെങ്കിൽ അത് വ്യർത്ഥമായാണ് മാറുന്നത്. അതിനു പ്രതിഫലം ലഭിക്കുന്നില്ല. ദൈവത്തിനും കൊടുക്കുന്നതുകൊണ്ട് ഉള്ളതു കുറയുമെന്നല്ല, ഇതിലൂടെ ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം നൽകുവാൻ ദൈവം വിശ്വസ്തനാണെന്നു മനസ്സിലാക്കി എനിക്കുള്ള ചെറിയ കാര്യങ്ങൾ മനസ്സോടെ ദൈവത്തിനു യാഗമായി അർപ്പിക്കുമ്പോൾ എന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും. എന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും.

കൊടുക്കുന്നതിലൂടെ ദൈവത്തെ മാനിക്കുന്നതിനേയും സ്നേഹിക്കുന്നതിനെയും കുറിച്ച് ദൈവവചനത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ''എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയുമില്ലയോ? (മലാ. 3:10) മറ്റു ചില വാക്യങ്ങൾ (സദൃ. 11:25, 25; 19:7; 22:9; സഭാ. പ്ര. 11:1,2; ഫിലി. 4:19 മുതലായവയും ധ്യാനിക്കുക

ഭൗതീക സമൃദ്ധിയുണ്ടാകുവാൻ ദൈവത്തിനു കൊടുക്കുന്നതിൽ കുറവു വരുത്തരുത്. എന്നാൽ ഉൽപ. 4:4 ൽ പറയുന്നു യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. നമ്മുടെ സ്തോത്ര വഴിപാട് ദൈവം പ്രസാദിക്കുന്നുവെങ്കിൽ അതു മുഖാന്തിരം സമൃദ്ധിയുണ്ടാകണമെങ്കിൽ ആദ്യം വ്യക്തിയിൽ പ്രസാദിക്കണം. അതിനു ശേഷം മാത്രമേ വഴിപാടിൽ പ്രസാദിക്കയുള്ളൂ. അതുകൊണ്ട് സമൃദ്ധിയുണ്ടാകുവാൻ കൊടുക്കുന്നത് നല്ലതാണ്. പക്ഷെ ആദ്യം കൊടുക്കുന്നയാൾ ദൈവത്തോടു നിരപ്പുള്ളവരായിരിക്കേണ്ടതാണ്.

## 2. ആത്മീയ സമൃദ്ധി

ഭൗതീക സമൃദ്ധി ദൈവീക നന്മയെന്നതുപോലെ തന്നെ ഒരുക്കപ്പെടുന്നവരിൽ ആത്മീയ സമൃദ്ധിയും ദൈവീക ദാനമാണ്.

**1. സമൃദ്ധിയായ ആനന്ദം :** സങ്കീ. 36:8 -ൽ ''നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു. നിന്റെ ആനന്ദനനദി അവരെ കുടിപ്പിക്കുന്നു''. വിശുദ്ധന്മാരുടെ കൂടിവരവായ സഭ ഇന്നു ദൈവത്തിന്റെ ആലയമാണെങ്കിൽ ആരാധനയിൽ ദൈവമക്കൾക്ക് പുഷ്ടിയുള്ള ആഹാരം ലഭിക്കണം. ഇന്നു പലസഭകളിലും ആത്മാക്കൾ ശോഷിച്ചു പോകുകയാണ്. വചനം ദുർലഭമായതിനാൽ ആലയത്തിൽ പുഷ്ടിയില്ല. തൃപ്തി പ്രാപിക്കുവാൻ കഴിയുന്നില്ല. സ്വയപുകഴ്ചയും സ്വയപ്രശംസയും കൈകൊട്ടി വരവേൽക്കുന്നതുകൊണ്ട് സഭ

യുടെ നായകനായ ദൈവത്തിനു സഭയിൽ സ്ഥാനമില്ലാതായി മാറിക്കഴിഞ്ഞു. ഇങ്ങനെയുള്ള ആരാധനകളിൽ അംഗത്വം വഹിക്കുന്ന ദൈവമക്കൾ ദിവസം പ്രതി ആത്മീയത്തിൽ മെലിഞ്ഞു പോകുന്നു. തന്മൂലം സമൃദ്ധി അനുഭവിക്കുവാൻ കഴിയുന്നില്ല.

പ്രാർത്ഥന, വചനധ്യാനം അഭിഷേകത്തിന്റെയും നിറവ്, ആത്മീകവരങ്ങൾ ഫലം ഇവയെല്ലാം പുറപ്പെടുന്ന പുഷ്ടിയുള്ള ആലയമാണ് യഥാർത്ഥത്തിൽ സഭ. സങ്കീർത്തനം 42:1 ൽ പറയുന്നതുപോലെ മാൻ അതിന്റെ ദാഹം തീർക്കുവാൻ കാംക്ഷിച്ചു കടന്നുവരുന്ന സ്ഥലമാണ് നീർത്തോട്. സന്തോഷത്തോടെ അത് വെള്ളം കുടിച്ചു തൃപ്തിയോട കടന്നുപോകുന്നു. അതുപോലെ സമൃദ്ധിയായ ആനന്ദം ലഭിക്കുവാൻ ദൈവപാദപീഠം ശരണമാക്കുക. വ്യക്തിപരമായ പ്രാർത്ഥനയിലും ആരാധനയിലും ആനന്ദം കണ്ടെത്താൻ കഴിയുന്നത് ദൈവമക്കളുടെ കൂടിവരവുകളിലാണ്. അവിടെ ഒരുത്തനു ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തനു പരിജ്ഞാനത്തിന്റെ വചനവും വേറൊരുത്തനു വിശ്വാസവും, മറ്റൊരുത്തനു രോഗശാന്തിവരവും, മറ്റൊരുവനു വീര്യപ്രവൃത്തികളും മറ്റൊരുവനു പ്രവചനം, മറ്റൊരുവനു വിവേചനം, വേറൊരുവനു പലവിധ ഭാഷകൾ, വേറൊരുവനു ഭാഷകളുടെ വ്യാഖ്യാനം ഇങ്ങനെ ഒരേ ആത്മാവിനാൽ എല്ലാവരും സമൃദ്ധിയായ സന്തോഷം അനുഭവിക്കുവാൻ കഴിയുന്നു. ആത്മീയമായ സമൃദ്ധിപ്രാപിക്കണമെങ്കിൽ ''ചിലർ ചെയ്യുന്നതുപോലെ സഭായോഗങ്ങളെ ഉപേക്ഷിക്കരുത്'' (എബ്രാ. 10:24). എന്ന് വചനം സ്പഷ്ടമാക്കുന്നുണ്ട്.

വിശ്വാസ ജീവിതത്തിന്റെ വളർച്ചയിലെ അതിപ്രധാന ഘടകമാണ് കൂട്ടായ്മ. യെരുശലേമിലെ ആദിമ സഭ ദേവാലയയാരാധനയിൽ പങ്കെടുക്കുമ്പോൾ തന്നെ വീടുകളിൽ ക്രിസ്തീയ കൂട്ടായ്മക്കായി സമ്മേളിച്ചിരുന്നു. അതുകൊണ്ടു തന്നെ ഭവന സഭകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരുന്നു (അ.പ്ര. 2:46-47). നിരവധി പട്ടണങ്ങളിലും സഭകൾ ഉടലെടുത്തു. അങ്ങനെ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചു. ഇന്നും സഭകൾ വളരുവാൻ കാരണവും ഇതു തന്നെയാണ്. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ആത്മീയ സമൃദ്ധി പ്രാപിക്കുവാൻ സഭ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ദൈവസന്നിധിയിൽ ദൈവം നമ്മോടു ഇടപെട്ട വിഷയങ്ങൾ കൂടി വരവുകളിൽ തെളിയിക്കപ്പെടുമ്പോൾ ബലഹീനർ ബലപ്പെടുകയും ക്ഷീണിച്ചവർ ഉത്സാഹികളായിത്തീരുകയും ചെയ്യും. ഇതു അന്യോന്യം കൂട്ടായ്മ ആചരിക്കുവാനും അത്മീക സമൃദ്ധി പ്രാപിക്കുവാനും ഇടയാകും. സമൃദ്ധിയായ ആനന്ദം ഈ ലോകത്തിൽ അനുഭവിക്കുണമെങ്കിൽ അതു മറ്റെങ്ങും ലഭ്യമല്ല, ദൈവസന്നിധിയിൽ മാത്രമാണ് . യോശുവ കൂടാരം വിട്ടു പിരിയാതിരുന്നതും ഹന്ന ദൈവാലയത്തിൽ ദൈവാലയം വിട്ടുപിരിയാതെ ശുശ്രൂഷിച്ചതുമെല്ലാം ഈ ആനന്ദത്തിന്റെ നിഴലിലാണ് (പുറ. 33:11, ലൂക്കോ. 2:36-37).

**2) സമൃദ്ധിയായ ജീവൻ :** സമൃദ്ധിയായ ജീവിൻ തിരുവചനാടിസ്ഥാനത്തിൽ ഒരു ദൈവപൈതലിനു ദൈവം കൊടുത്ത വലിയ നിക്ഷേപമാണ്. ഇതു പ്രാപിക്കുവാൻ തികച്ചും ആത്മീയമായി ജീവിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 3 യോഹന്നാൻ 2-ൽ ''നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം'' എന്ന് പറഞ്ഞിരിക്കുന്നു. സമൃദ്ധിയായ ജീവിതം ദൈവത്തിൽ നിന്നും പ്രാപിച്ച ഒരാൾക്കു മാത്രമേ ശുഭമായും സുഖമായും ഇരിക്കുവാൻ കഴിയുകയുള്ളൂ. അപ്പോൾ തന്നെ ഈ ലോകജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട. എങ്കിലും അവൻ ജയാളിയാണ്.

യോഹ. 10:10 ൽ യേശു പറഞ്ഞിരിക്കുന്നു "അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത് കള്ളൻ ജീവൻ അപഹരിക്കുന്നു. യേശു ജീവൻ കൊടുക്കുന്നു (യോഹ. 5:40, 6:15).

ഇക്കാലത്തും ആത്മീയ ജീവൻ അപഹരിക്കുന്ന അനേക കള്ളന്മാർ ചുറ്റിത്തിരിയുന്നുണ്ട്. സമൃദ്ധി എന്നാൽ പൂർണ്ണമായും ഭൗതീകമാണെന്നാണ് അവരുടെ വാദം. എന്നാൽ ഒരു ദൈവപൈതൽ മനസ്സിലാക്കേണ്ടത് നിത്യജീവനേക്കാൾ വലിയത് മറ്റൊന്നുമില്ല. നിത്യജീവൻ നൽകുവാൻ അതു സമൃദ്ധിയായി നൽകുവാനാണ് യേശു വന്നത്. അപ്പോൾ തന്നെ മുമ്പു പറഞ്ഞതുപോലെ ഈ ലോകജീവിതത്തിനാവശ്യമായ സകല നന്മകളും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്കു നിത്യജീവൻ സമൃദ്ധിയായി നൽകുകയായിരുന്നു യേശുവിന്റെ ലക്ഷ്യം എന്നതിന്റെ തെളിവാണ് യോഹ. 9-ാം അദ്ധ്യായത്തിലെ കുരുടന്റെ സൗഖ്യം. കൂടാതെ യോഹ. 4 ൽ കാണുന്ന ശമര്യാ സ്ത്രീ തുടങ്ങിയ ഒട്ടനവധി സംഭവങ്ങളുടെ പിന്നിലും നിത്യജീവനായിരുന്നു ലക്ഷ്യം.

ഇതു വായിക്കുന്ന പ്രിയ ദൈവപൈതലേ, നിനക്കു നൽകുന്ന വിടുതലിന്റെയും സൗഖ്യത്തിന്റെയും ആരോഗ്യത്തിന്റെയും അത്ഭുതത്തിന്റെയും നന്മയുകളുടെയും പിന്നിൽ ദൈവത്തിനു ഒറ്റ ലക്ഷ്യമേയുള്ളൂ ജീവനുണ്ടാകുക. അതു സമൃദ്ധിയായി ഉണ്ടാകുക എന്നത്രേ. കേവലം ഭൗതീക നന്മകളുടെ പുറമെ മാത്രം ഓടുവാനല്ല, നിത്യതയാണ് എല്ലാറ്റിന്റെയും സാരം. ഏഴു ഭൂതങ്ങളെ യേശു മഗ്ദലക്കാരിയിൽ നിന്നും ശാസിച്ചത് നിത്യതയോട് അടുപ്പിക്കുവാനായിരുന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചത് നമുക്കറിയാമല്ലോ. നിത്യജീവമൊഴികളാണ് ജനത്തിനു യേശു ഉപദേശിച്ചത്. അതേ സമയം ഈ ലോകജീവിതത്തിനാവശ്യമായ ആഹാരവും അവർക്കു നൽകി. ആഹാരം നൽകുകയല്ല ലക്ഷ്യം. പിന്നെയോ ഉപദേശിക്കുകയായിരുന്നു. നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും പ്രാപിക്കുന്നുണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യം നിത്യതയാണെന്നു മറക്കരുത്. ഈ നിത്യജീവൻ പകർന്നത് സമൃദ്ധിയായിട്ടാണ്. ഇത് മാനുഷീകമല്ല പ്രത്യുത സർവ്വ ലോകത്തിന്റെയും നാഥനായ ദൈവത്തിൽ നിന്നും നൽകിയ ആത്മീയ ജീവനാണ്.

ഈ സമൃദ്ധി നൽകിയതിന്റെ ഉദ്ദേശം, മറ്റു പലരിലേക്കും ഈ സമൃദ്ധി നൽകിക്കൊടുക്കുക എന്നതാണ് ദൈവേഷ്ടം. നിങ്ങൾ പ്രാപിച്ച ജീവൻ മറ്റുള്ളവരിലേക്കു പകർന്നു കൊടുക്കുക. അനേകർക്ക് യേശുവിനെ നൽകുക. യേശുവിങ്കലെ നിറവിൽ നിന്നാണ് ഈ അനുഗ്രഹങ്ങളെല്ലാം നാം പ്രാപിക്കുന്നത് (യോഹ. 1:16).

ഈ പുതുവർഷാരംഭത്തിലും ഇതു വായിച്ചുകൊണ്ടിരിക്കുന്ന പ്രിയ ദൈവപൈതലെ, സമൃദ്ധി ദൈവം നൽകുവാനാരംഭിക്കുന്നു. അതിനായി നാം ഓടേണ്ടതില്ല. പിന്നെയോ ആത്മീയ സമൃദ്ധി പ്രാപിച്ച് ദൈവത്തിങ്കലുള്ള ആനന്ദം കണ്ടെത്തുമ്പോൾ എല്ലാ നന്മകളും അതിന്റെ പിന്നാലെ കടന്നുവരും. എന്നാൽ മടുത്തു പോകാതെ ക്രിയാത്മകമായി ചിന്തിക്കുകയും സാധ്യതകളെ കണ്ടെത്തുകയും ദൈവത്തെ പരീക്ഷിച്ചറിയുകയും ചെയ്യുക. ദൈവത്തിൽ നിന്നും ലഭിക്കുന്ന രോഗശാന്തിയും ആരോഗ്യവും സൗഖ്യവും സമാധാനവും സത്യത്തിന്റെ സമൃദ്ധിയും പ്രാപിക്കുവാൻ പ്രാർത്ഥനയിലും ഉപവാസത്തിലും വചനധ്യാനത്തിലും ഉറ്റിരിക്കാം. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും (മത്താ. 6:35) ആമേൻ.



# ശ്രദ്ധേയരായ സ്ത്രീകൾ ...18

**Mrs. Bincy Livingston**

ദൈവീക പദ്ധതിയിൽ സ്ത്രീക്കുള്ള സ്ഥാനം ശ്രേഷ്ഠമാണ്. ആദ്യം പുരുഷനും പിന്നീട് പുരുഷനിൽ നിന്ന് സ്ത്രീയും സൃഷ്ടിക്കപ്പെട്ടു. എന്നാൽ ക്രിസ്തുവിൽ ഇരുവരും തുല്യരത്രെ. മാനുഷിക ദൃഷ്ടിയിൽ സ്ത്രീ ഒരു പക്ഷെ നിസ്സാരയായി തോന്നിയേക്കാം. എന്നാൽ അവൾ ദൈവത്തിന്റെ കരത്തിലെ ആയുധമാണ്. അതേ സമയം കുടുംബത്തിന്റെ വിളക്കായും അവൾ പ്രവർത്തിക്കുന്നുണ്ട്. അനേക പദവികളാൽ അലംകൃതമായ ബഹുമാനത്തിന് അർഹയാണ് സ്ത്രീ എന്നു പറയുന്നതിൽ ഒട്ടും നിഷേധിക്കാനാവില്ല. കാരണം കുടുംബം എന്ന മഹത്തായ സ്ഥാപനത്തെ പണിതുയർത്തുന്ന, വെളിച്ചം നൽകുന്ന പ്രതിഭയാണ് അവൾ.

'ശ്രദ്ധേയരായ സ്ത്രീകൾ' എന്ന ലേഖന പരമ്പരയിലെ ഈ മാസത്തെ പഠനത്തിനായി **'ലോത്തിന്റെ ഭാര്യയാണ്'** കഥാപാത്രമായി എടുത്തിരിക്കുന്നത്. തിരുവചനത്തിൽ എഴുതിയിരിക്കുന്നതൊന്നു അബദ്ധവശാൽ എഴുതിച്ചേർത്തതോ, ദൈവഭക്തന്മാരുടെ വാചകങ്ങളോ അല്ല. പ്രത്യുത എല്ലാക്കാലത്തും എല്ലാവർക്കും അനുഷ്ഠിക്കേണ്ട സത്യവചനമത്രേ. ഈ വചനം ഭക്തി പുരസരം അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ എക്കാലത്തും അനുഗ്രഹിക്കപ്പെടും. അനുഗ്രഹിക്കപ്പെടുവാൻ വിളിക്കപ്പെട്ടതുകൊണ്ട് അതിനു തടസ്സമായിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് ലോത്തിന്റെ ഭാര്യയിലൂടെ പഠിക്കാൻ കഴിയും.

തിരുവചനത്തിൽ പേരു പറഞ്ഞിട്ടില്ലാത്ത ചിലർ മാത്രമെയുള്ളൂ. അതിന്റെ പിന്നിലും ദൈവീകോദ്ദേശമുണ്ടെന്നു മറക്കരുത്. പഴയനിയമത്തിൽ ചുരുക്കം കാര്യങ്ങൾ മാത്രമേ ഈ സ്ത്രീയെക്കുറിച്ചു കാണുന്നുള്ളൂ. എങ്കിലും ഈ ലോകജീവിതത്തിൽ മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നും സ്വർല്ലോക ദർശനത്തിന്റെ കാഴ്ചപ്പാട് എങ്ങനെ ആയിരിക്കണമെന്നും കുടുംബജീവിതത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നതിൽ നാം പാഠ്യമാക്കേണ്ട വിഷയങ്ങൾ തുടങ്ങിയ ഒട്ടനവധി ചിന്തകളുടെ സമാഹാരം തന്നെ ഈ ചുരുക്കം ചില വാക്യങ്ങളിൽ നിന്നും തിരുവചനം നമുക്ക് പറഞ്ഞു തരുന്നുണ്ട്. മാത്രല്ല ദുർകീർത്തിയാൽ ജീവിതം ശ്രദ്ധേയമാക്കിത്തീർത്ത ഒരു സ്ത്രീയത്രേ ലോത്തിന്റെ ഭാര്യ.

ദൈവം അബ്രഹാമിനോട് പറഞ്ഞു : നിന്റെ ദേശത്തെയും.... ദേശ

ത്തേക്ക് പോക (ഉൽപ. 12:1). ദൈവത്തിന്റെ വിളികേട്ട് അനുസരിച്ച് ഇറങ്ങിയ അബ്രഹാമിനോടു കൂടെ കൽദയ പട്ടണമായ ഊരിൽ (ഇന്നത്തെ ഇറാഖ്) നിന്നും തന്റെ സഹോദര പുത്രനായ ലോത്തും പുറപ്പെട്ടു. ഇരുവർക്കും ആടുമാടുകളും ദാസീദാസന്മാരും ഉണ്ടായിരുന്നു. ഇടയന്മാർ തമ്മിൽ പിണക്കമുണ്ടായതിനാൽ ഇരുവരും പിരിയുവാൻ തീരുമാനിച്ചു. അതോടെ ലോത്ത് യോർദ്ദാനരികെ നീരോട്ടമുള്ള സ്ഥലത്ത് എത്തി കൂടാരം നീക്കി നീക്കി അടിച്ചു സോദോമിൽ എത്തി (ഉൽപ. 13:13). അവിടെ താമസിച്ചു രണ്ട് പെൺമക്കളുമുണ്ടായി. ഈ കാലത്തെല്ലാം ദേശത്ത് പാപം കൊടികുത്തി വാണു. അതിൽ ഇവർ മുങ്ങിപ്പോയി.

**ലോത്തിന്റെ ഭാര്യയ്ക്ക് എന്തു സംഭവിച്ചു? അതിന്റെ കാരണങ്ങൾ എന്ത്?**

ലോത്തിന്റെ ഭാര്യ തിരിഞ്ഞു നോക്കി, ഉപ്പു തൂണായിപ്പോയി.

**1) അനുസരണക്കേട് കാണിച്ചു.**

ദൈവം പറഞ്ഞിരുന്നു: ജീവരക്ഷയ്ക്കായി ഓടിപ്പോക. പുറകോട്ടു നോക്കരുത്; ഈ പ്രദേശത്തെങ്ങും നിൽക്കരുത് (ഉൽപ. 19:17). പക്ഷെ ദൈവത്തിന്റെ വാക്കുകൾക്ക് അവൾ ചെവി കൊടുത്തില്ല. മാത്രമല്ല അനുസരണക്കേടിന്റെ പര്യായമാണ് ലോത്തിന്റെ ഭാര്യ. ദേശത്തിന്റെ പാപം നിമിത്തം ദൈവം അഗ്നികൊണ്ട് ന്യായം വിധിക്കുവാൻ തീരുമാനിച്ചു. ലോത്ത് ഇറങ്ങുന്ന താമസമാണ് ബാക്കിയുള്ളത്. ഇതിന്റെ ഗൗരവം മനസ്സിലാക്കാതെ ആ കുടുംബം ആയിരിക്കുമ്പോൾ ദുതന്മാർ ബദ്ധപ്പെടുത്തി

## ബൈബിൾ ക്വിസ്

നിങ്ങളുടെ വേദജ്ഞാനം പരിശോധിക്കുക

1. സ്വർഗ്ഗരാജ്യത്തിൽ അവർ കടക്കുന്നില്ല, കടക്കുന്നവരെ കാപ്പാൻ സമ്മതിക്കുന്നതുമില്ല. ആര്?
2. മന്ദിരത്തിനും യാഗപീഠത്തിനും മദ്ധ്യേവച്ചു കൊല്ലപ്പെട്ട വ്യക്തി?
3. ഏത് സഭയെക്കുറിച്ചാണ് പൗലോസ് പ്രസവ വേദനപ്പെട്ടത്?
4. സർവ്വ സഭയ്ക്കും അതിഥി സൽക്കാരം ചെയ്ത ഒരാൾ?
5. ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയാത്തതാർക്ക്?
6. രക്താംബരം വിറ്റുകൊണ്ടിരുന്ന ദൈവഭക്തയായ സ്ത്രീ ഏത്?
7. ആരെയാണ് യേശു കുറുക്കൻ എന്ന് സംബോധന ചെയ്തത്?
8. ഓബേദിന്റെ മാതാപിതാക്കൾ ആരെല്ലാം?
9. തനി തങ്കത്താൽ നിർമ്മിതമായ പട്ടണമേത്?
10. ഒരു മണിക്കൂർ കൊണ്ട് ന്യായം വിധിക്കപ്പെട്ട മഹാനഗരം?

ഉത്തരം 13-ാം പേജിൽ

(ഉൽപ. 19:15). ദൂതന്മാർ പറയുന്നു നിങ്ങൾ നശിക്കാതിരിക്കാൻ ഭാര്യയെയും പുത്രിമാരെയും കൂട്ടിക്കൊണ്ട് പൊയ്ക്കൊൾക. അബ്രഹാമിന്റെ പ്രാർത്ഥനയുടെ ഫലമാണിത്. സ്നേഹസമ്പന്നനായ ദൈവത്തിന്റെ സ്നേഹത്തെയും അവിടെ കാണാൻ കഴിയും. കാരണം ആ പട്ടണത്തിൽ നീതിമാനായ ലോത്തു മാത്രമേയുള്ളൂ. പക്ഷെ കുടുംബത്തെയും സംരക്ഷിക്കുവാൻ ദൈവം പദ്ധതിയിട്ടു. ഇക്കാലത്തും നാം അതു മറക്കരുത്. കാരണം അവരുടെ കണ്ണുനീരോടുകൂടിയ പ്രാർത്ഥനയാണ് നാം ഇന്നും നിലനിൽക്കുന്നത്. അതിൽ നന്ദിയുള്ളവരാണോ?

ദൈവം പറഞ്ഞു പുറകോട്ടു നോക്കരുത്. ഓടുക. പക്ഷെ ലോത്തിന്റെ ഭാര്യയ്ക്ക് ഓടുവാൻ മനസ്സില്ല; താൻ സ്വരൂപിച്ചു കൂട്ടിയ വസ്തുവകകൾ ആടുമാടുകൾ ഇവയെല്ലാം എന്തായിത്തീരും എന്ന ചിന്തയോടെ വിട്ടുപോകാൻ മനസ്സില്ലാതെ അവൾ തിരിഞ്ഞുനോക്കി, ഉപ്പുതൂണായിപ്പോയി. ദൈവത്തെ സ്നേഹിക്കുവാൻ കഴിയാതെ പിന്നോട്ടു വലിക്കുന്ന എന്തെങ്കിലും ജീവിതത്തിൽ ഉണ്ടെങ്കിൽ പ്രിയരേ, അതു മറന്നു കൊൾക. കലപ്പയിൽ കൈവെച്ചിട്ടു തിരിഞ്ഞു നോക്കുവാൻ അനുവാദമില്ലല്ലോ. അവളുടെ അനുസരണക്കേട് അവൾക്ക് ശാപമായിത്തീർന്നു.

### 2) ഭൗതീക ചിന്തകളാൽ നിറഞ്ഞിരുന്നു

സാധാരണ സ്ത്രീസഹജമായ ഒരു പ്രത്യേകതയാണ് അവർ വിട്ടുപോകുന്ന വ്യക്തികളെയും പശ്ചാത്തലങ്ങളെയും വിട്ടുകളയുവാൻ കഴിയാതിരിക്കുക എന്ന്. ലോത്തിന്റെ ഭാര്യയും ആ ദേശവാസകളുമായി അത്രയധികം ഇഴുകിച്ചേർന്നിരുന്നു. ഫലപ്രദമായ ദേശം, സമൃദ്ധി, മുന്തിരിത്തോട്ടങ്ങൾ, കന്നുകാലികൾ, മേച്ചൽപുറങ്ങൾ അങ്ങനെ എല്ലാം കൊണ്ടും സമ്പൽസമൃദ്ധി. ഇനിയും മറ്റൊന്നു ചിന്തിക്കുവാനുള്ള അവസരം പോലും അവളുടെ മുമ്പിൽ ഇല്ല.

അവൾ സ്വർഗ്ഗീയമായതിനേക്കാൾ ഭൗതീകമായതിനെ സ്നേഹിച്ച് ഹൃദയം നിറച്ചു. ലോകസ്നേഹം ദൈവത്തോടു ശത്രുത്വമാണ്. അതുകൊണ്ടു തന്നെ ദൈവീക കാര്യങ്ങൾ അവൾ അംഗീകരിപ്പാൻ കഴിഞ്ഞില്ല. കൂടാതെ തന്റെ പെൺമക്കൾക്കായി ഭർത്താക്കന്മാരെ കണ്ടെത്തിയതും സോദോമിൽ തന്നെയാണ് (ഉൽപ. 19:14). ഇവർ ദൈവമക്കളല്ലായിരുന്നു എന്നതിന്റെ തെളിവെന്താണ്? നിങ്ങൾ എഴുന്നേറ്റു ഈ സ്ഥലം വിട്ടു പുറപ്പെടുവിൻ; എന്നു പറയുമ്പോൾ അവർക്ക് ആ വാക്കുകൾ കളിയായിട്ടു തോന്നുകയുണ്ടായി (ഉൽപ. 9:14) അവരും അഗ്നിയിൽ വെന്തുപോയി.

ഒരു മനുഷ്യന്റെ ‘ജീവനാണ് ’മറ്റെല്ലാത്തിനേക്കാളും വിലയേറിയത് എന്ന കാര്യം ലോത്തിന്റെ ഭാര്യ മറന്നുപോയി. കാരണം ഈ ലോകസമ്പത്ത് ജീവനേക്കാൾ വലിയതായി അവൾക്ക് തോന്നി. അതു വിട്ടുപോ

കുവാൻ മനസ്സില്ലാതെയാണ് തിരിഞ്ഞു നോക്കിയത്. ഇന്നും പലരും സ്വജീവൻ മറന്നാണ് സമ്പത്തിന്റെ പുറകെ ഓടുന്നത്. എങ്ങനെയെങ്കിലും സമ്പാദിക്കണം. വാരിക്കൂട്ടണം എന്നൊക്കെയുള്ള ലോകചിന്ത മാത്രമാണ് ചിലർക്കുള്ളത്. അതിനാൽ ആയുസിന്റെ അവസാനം വരെ കഷ്ടപ്പെട്ടു സമ്പാദിച്ചു അവസാനം മക്കൾ സുഖലോലുപരായി ജീവിച്ചു നഷ്ടപ്പെടുത്തുകയാണ്. സ്വസ്ഥമായി ഇരുന്നു ഭക്ഷിക്കാം എന്നു വിചാരിച്ചപ്പോഴേക്കും രോഗിയായിത്തീരുന്നു. അനാവശ്യ ലൗകിക സ്നേഹവും അത്യാഗ്രഹവും ജീവൻ തന്നെ അപകടത്തിലാക്കും എന്ന് ലോത്തിന്റെ ഭാര്യ നമുക്കു പറഞ്ഞു തരികയാണ്. അതുകൊണ്ട് ജീവനാണ് വലുത്. അതു നഷ്ടപ്പെടുത്താതെ ദൈവീക കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുകയും ദൈവത്തോട് അടുത്തു ജീവിക്കുകയും ചെയ്യുക. ഈ ലോകസ്നേഹം ദൈവസ്നേഹത്തെ മറച്ചുകളയുന്നതിനാൽ മുൻഗണന ദൈവീക വിഷയങ്ങൾക്ക് നൽകുക. സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സുവെക്കരുത് (സങ്കീ. 62:10).

### 3) സ്വയം നശിച്ചു

അനാവശ്യമായ ലൗകീക ചിന്തകളാൽ അവൾ മാത്രമല്ല തന്റെ പെൺമക്കളെയും നശിപ്പിച്ചു. ഭാര്യയെന്ന നിലയിൽ അവളുടെ അഭാവം സോദോമിലെ പാപം ഹൃദയത്തിൽ നിറഞ്ഞിരുന്ന പെൺമക്കൾ മുതലെടുത്തു. പർവ്വതത്തിൽ കടക്കുമ്പോൾ ലോത്തിന്റെ ഭാര്യ കൂടെയുണ്ടായിരുന്നുവെങ്കിൽ ഇത്യാദി പാപങ്ങൾ സംഭവിക്കുകയില്ലായിരുന്നു. സോദോമിന്റെ പാപങ്ങൾ എന്നു പറയുവാൻ, ഇരുപെൺമക്കളും പിതാവിനെ വീഞ്ഞു കുടിപ്പിച്ചു. ഒന്നും അറിയാതെ ലോത്തു പാപം ചെയ്തു (ഉൽപ. 19:33-38). ഇതിന്റെ കാരണക്കാരി ലോത്തിന്റെ ഭാര്യ തന്നെയാണ്. മാതാവ് നിൽക്കേണ്ടതു പോലെ നിൽക്കുന്നില്ലെങ്കിൽ മക്കൾ പാപം ചെയ്യുവാൻ സാധ്യത വളരെ കൂടുതലാണ്.

ഇതു വായിക്കുന്ന പ്രീയ മാതാവേ, സഹോദരി ഇത് ലോത്തിന്റെ ഭാര്യയുടെ ചരിത്രമാണെങ്കിൽ നിങ്ങളുടെ ജീവിതം എപ്രകാരമായിരിക്കുന്നു. കുഞ്ഞുങ്ങളുടെ മുമ്പിൽ മാതൃകയായി ജീവിക്കുന്നുണ്ടോ? അവസരം കിട്ടുമ്പോൾ പാപം ചെയ്യുവാൻ വെമ്പുന്നവരാണോ മക്കൾ? ദൈവസന്നിധിയിൽ മുട്ടുമടക്കുവാൻ തയ്യാറാണോ? നേരമ്പോക്കുകളിലും ആധുനിക മാധ്യമങ്ങളിലും സമയം ചിലവഴിച്ചാൽ ഭയപ്പെടുക. ഈ ലോകജീവിതത്തിൽ ശ്രദ്ധയോടെയിരിക്കുന്നില്ലെങ്കിൽ സ്വയം നശിക്കുവാനും മക്കളെ നശിപ്പിക്കുവാനും സാധ്യതയുണ്ട്. ശേഷിക്കുന്ന കാലം ഭയഭക്തിയോടെ ജീവിക്കുവാൻ, സമർപ്പിക്കാൻ കഴിഞ്ഞാൽ നിങ്ങൾ സുരക്ഷിതവലക്കുള്ളിലാണ്. അതേ, സ്വയം നശിക്കുവാനനുവദിക്കുരുത്.

സോദോമ്യ പാപവും ആഢംബരവും സുഖസൗകര്യങ്ങളും ദൈവത്തിൽ നിന്നകലുവാനും സ്വയനാശത്തിനുമല്ലാതെ മറ്റൊന്നിനും സഹായ

കമല്ല. ഒരു ദൈവപൈതലിന് നന്മകളുണ്ടാകുന്നതു തെറ്റല്ല. പക്ഷെ കുടുംബത്തിന്റെ നാശത്തിനു കാരണമാകുവാൻ അനുവദിക്കരുത്. ലോത്തിന്റെ കാലുകൾ മുന്നോട്ടു കുതിച്ചപ്പോഴും ഭാര്യയുടെ കാലുകൾ സോദോമിൽ തന്നെ ഉടക്കിപ്പോയി. ലോകം അതിവേഗം പാഞ്ഞുകൊണ്ടിരിക്കുകയാണ്. ലോകസ്നേഹത്തിൽ നമ്മുടെ കാലുടക്കുവാൻ നാം അനുവദിക്കരുത്.

യോർദ്ദാൻ നദിയുടെ തെക്കു പടിഞ്ഞാറു ഭാഗത്ത് സോദോം പർവ്വതത്തിനടുത്ത് ഉപ്പുകുന്നുകൾ കാണാം. ഇവയെ അറബികൾ വിളിക്കുന്നത് ലോത്തിന്റെ ഭാര്യ എന്നാണ്. ശ്രദ്ധിക്കപ്പെടുവാനായി പ്രവർത്തിക്കേണ്ട ആവശ്.മില്ല. നന്മകളാൽ നാം ശ്രദ്ധിക്കപ്പെടണം. ലോത്തിന്റെ ഭാര്യ നമ്മുക്കൊരു പാഠമാകട്ടെ. അനുസരണത്തോടെ, ലോകസ്നേഹം വെടിഞ്ഞ്, സ്വയം നശിക്കാതെ, ദൈവസ്നേഹത്തിൽ, സ്വയരക്ഷയ്ക്കായും മാറ്റുള്ളവരുടെ വിടുതലിനായും കൽപനയനുസരിച്ച് മുന്നോട്ടുപോകാം. ദൈവം അനുഗ്രഹിക്കുമാറാകട്ടെ. ●

## ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും (മത്താ. 23:13)
2. സെഖര്യാവ് (മത്താ. 23:35)
3. ഗലാത്യസഭ (ഗലാ. 4:19)
4. ഗായൊസ് (റോമ. 16:23)
5. ജഡസ്വഭാവമുള്ളർ (റോമ. 8:8)
6. ലുദിയ (അ.പ്ര. 16:14)
7. ഹേരോദാവ് (മർക്കോ.
8. ബോവസ്, രൂത്ത് (മത്താ. 1:5)
9. പുതിയ യെരുശലേം (വെളി. 21:18)
10. ബാബിലോൺ (വെളി. 18:10)

ASSEMBLIES OF GOD
ALL THE GOSPEL
AG

We Prayerfully Invite You & Your Family
To Join Our Congregation

LIVING WAY A.G. CHURCH
14/1, Sunita Estate, Shastri Nagar, Opp. Jainan Hall,
L.B.S. Marg, Bhandup (W), Mumbai - 400 078.
Mob.: 93245 59533 / 98676 34153

Worship Timings Every Sunday
8.30 am to 10.30 am - Malayalam & Hindi
10.30 am to 12.30 pm - Tamil & Hindi
5.30 pm to 7.30 pm - Hindi & English



www.thelivingway.in
YouTube : www.youtube.com/livingwayindia

# ജീവവഴി മിഷണറി പ്രവർത്തനങ്ങൾ

രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം എക്കാലത്തും ദൈവം ആഗ്രഹിക്കുന്നതും നിർബന്ധിക്കുന്നതുമായ ഒരു വിഷയമാണ് സുവിശേഷവേല. ഈ പ്രവർത്തി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ മനുഷ്യർ അവരവരിൽ തന്നെ നിർജ്ജീവരാണ്. ഏതെല്ലാ പ്രശ്നങ്ങൾ ജീവിതത്തിൽ ആഞ്ഞടിച്ചാലും എത്രയധികം നിന്ദിക്കപ്പെട്ടാലും പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നാലും മരണം വരെ അല്ലെങ്കിൽ കർത്താവിന്റെ വരവുവരെ അവസാനിപ്പിച്ചു കൂടാത്ത വേലയെന്നത് ദൈവീക ശുശ്രൂഷയാണ്. കാരണം കർത്താവിന്റെ സ്നേഹം നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ് (1 കൊരി. 5:14). ഒന്നുകിൽ പോകുക, ഇല്ലെങ്കിൽ അയക്കുക. കാരണം അനേകർക്ക് എത്തിപ്പെടാൻ കഴിയാത്ത അനേക സ്ഥലങ്ങളിൽ ദൈവമക്കൾ കടന്നുചെന്ന് ദൈവവചനം പ്രഘോഷിക്കുന്നുണ്ട്. അങ്ങനെയുള്ളവർക്കായി പ്രാർത്ഥിക്കേണ്ടത് രക്ഷിക്കപ്പെട്ട ഓരോരുത്തരുടെയും കടമയാണ്. അനേകഗ്രാമങ്ങളിൽ ഇന്നും യേശു ആണെന്നുപോലും അവർ അറിയുന്നില്ല. രക്ഷകൻ ക്രൂശിൽ യാഗമായതു മൂലം ലഭിച്ച രക്ഷ അനുഭവിക്കാൻ കഴിയാതെ അനേകർ ഇന്നും ഉണ്ടെന്ന് പ്രാർത്ഥിക്കുന്ന ഒരു ദൈവപൈതൽ അറിഞ്ഞിരിക്കേണം. നിരന്തരമായ പ്രാർത്ഥന മിഷണറി പ്രവർത്തനങ്ങൾക്ക് എന്നും അത്യന്താപേക്ഷിതമാണ്. കാരണം പ്രാർത്ഥനയാണ് ഈ പ്രവർത്തന മേഖലകളെ നിലനിർത്തുന്നത്.

ജീവവഴി മിഷണറി പ്രവർത്തനത്തെയും ദൈവം വളർത്തിക്കൊണ്ടിരിക്കുന്നു. രാജസ്ഥാനിൽ നടന്നു വരുന്ന തയ്യൽ പരിശീലനത്തിന്റെ ഏഴാമത്തെ ബാച്ച് ആരംഭിക്കണമെന്ന് കർത്താവിൽ ശരണപ്പെടുന്നു. കൂടാതെ ഗുജറാത്തിലെ സുറത്ത് ജില്ലയിലുള്ള ഗ്രാമപ്രദേശങ്ങളിലെ 'വസോവ' എന്ന ആദിവാസി മേഖലയിൽ പ്രവർത്തിക്കുവാനാഗ്രഹിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

തമിഴ്നാട്ടിലെ വെല്ലൂർ ജില്ലയിലെ ബ്രാഹ്മണമങ്കലം എന്ന സ്ഥലത്തു നടക്കുന്ന പ്രവർത്തനങ്ങളും വളരെ അനുഗ്രഹമായി നടക്കുന്നു. മുംബൈയിലെ പ്രവർത്തനങ്ങളും താനെ, റായ്ഗഡ് ഡിസ്ട്രിക്റ്റിൽ നടക്കുന്ന പ്രവർത്തനങ്ങളും അനുഗ്രഹമായി നടന്നുവരുന്നു. എല്ലാ പ്രവർത്തനത്തെയും ദൈവം അനുഗ്രഹിക്കുകയും വളർത്തുകയും ചെയ്യുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ജീവവഴി പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് മഹാരാഷ്ട്രയിലുള്ള 36 ജില്ലകളിലും ''ഒരു സഭ സ്ഥാപിക്കുക''. അതായത് ഓരോ പ്രവർത്തനമെങ്കിലും കുറഞ്ഞപക്ഷം ഉണ്ടായിരിക്കുക എന്നത്. ഈ ലക്ഷ്യപ്രാപ്തിയിലേക്ക് തന്നെ പ്രവർത്തനം വികസിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട്

തുടർന്നു പ്രസിദ്ധീകരിക്കപ്പെടുന്ന ഓരോ മാസികകളിലും മഹാരാഷ്ട്രയുടെ മാപ്പും മറ്റു വിവരണങ്ങളും നൽകുന്നതായിരിക്കും. പ്രാർത്ഥനാ പങ്കാളികൾ ഈ വിഷയം പ്രത്യേകാൽ ഏറ്റെടുത്തു പ്രാർത്ഥിക്കുമല്ലോ. കൂടാതെ മഹാരാഷ്ട്രയുടെ ഗ്രാമങ്ങളിൽ മിഷണറികളായി കടന്നുപോയി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

കൂടാതെ ഈ പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കായി പ്രാർത്ഥിക്കുകയും മനഃപൂർവ്വമായ സഹായ സഹകരണങ്ങളും പ്രവർത്തന വികസനത്തിന് അത്യന്താപേക്ഷിതമായതിനാൽ ജീവവഴി വായനക്കാർ സഹകരിക്കുമല്ലോ. തുടർന്നും പ്രാർത്ഥന ചോദിക്കുന്നു. ദൈവം ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ. ●

## ഡെയ്‌ലി വേർഡ്

സുപ്രഭാതത്തിൽ വാട്സ്ആപ്പിലൂടെ കടന്നുവരുന്ന ദൈവീക സന്ദേശവും അനുഗ്രഹ പ്രാർത്ഥനയും (2 മിനിറ്റിനുള്ളിൽ) മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ.
താൽപര്യപ്പെടുന്നവർ ഈ നമ്പരിൽ ബന്ധപ്പെടുക.

**093245 59533**

SERVE SAVE SECURE — THE LIVING WAY MINISTRIES

ദി ലിവിംഗ്‌വേ മിനിസ്ട്രീസ്, മുംബൈ
പ്രസിദ്ധീകരിച്ചിരിക്കുന്നു !

## ശ്രദ്ധേയരായ സ്ത്രീകൾ






By
ബിൻസി ലിവിംഗ്സ്റ്റൺ




വില 100 രൂപ മാത്രം

കുടുംബജീവിതം
ആനന്ദകരമാക്കാം

ഉടൻ പ്രസിദ്ധീകരിക്കുന്നു

വിജയത്തിലേക്കുള്ള ചവിട്ടുപടികൾ

നിങ്ങളുടെ കോപ്പികൾ ഇന്നു തന്നെ ഉറപ്പാക്കുക!!

**LIVING WAY LITERATURE SERVICE**
1A/3, Sadanwadi, Opp. Police Station, Lake Road, Bhandup (W), Mumbai - 78.
Mob.: 93245 59533 / 98676 34153 • www.thelivingway.in

പ്രാർത്ഥനയ്ക്കായി ബന്ധപ്പെടുക
**0 93245 59533 / 0 98676 34153**



# പ്രാർത്ഥനാ വീരനായ
# ജോർജ്ജ് മുള്ളർ

പാസ്റ്റർ ജോൺസൺ സഖറിയ, ചെന്നൈ.

‘ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു, മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ഉദിച്ചു’ (മത്താ. 4:15). ഈ നിത്യപ്രകാശമാണ് നമ്മുടെ രക്ഷയ്ക്കായി ഭൂജാതനായ യേശുക്രിസ്തു. നമ്മോടൊപ്പമിരുന്ന് നമ്മിലുള്ള ഇരുട്ടിനെ അകറ്റി ജീവിതത്തെ പ്രകാശമാക്കുവാൻ പിറന്ന നിത്യപ്രകാശം. യേശുപറഞ്ഞു ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും (യോഹ. 8:12).

യേശുക്രിസ്തു വെളിച്ചമായതിനാൽ ഈ ലോകജനങ്ങൾ വെളിച്ചത്തിൽ നടക്കണമെന്ന് ദൈവമാഗ്രഹിച്ചു. അതിനാൽ പാപാന്ധകാരത്തിൽ ജീവിച്ചിരുന്ന മനുഷ്യനെ രക്ഷിക്കുവാനായി വെളിച്ചമായി യേശു ഈ ലോകത്തിലേക്കു കടന്നുവന്നു. യേശു തന്റെ ഐഹിക ജീവകാലത്ത് തന്നോടുകൂടെയിരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ശിഷ്യന്മാരെ തെരഞ്ഞെടുത്തു. അനേകം അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു. പിശാചിനാൽ പ്രേരിപ്പിക്കപ്പെട്ട യെഹൂദന്മാർ യേശുവിനെ ക്രൂശിൽ തറച്ചു. എന്നാൽ തിരുവെഴുത്തു നിറവേറുന്നതിനായി ഇപ്രകാരം സംഭവിച്ചു. പക്ഷെ യെഹൂദന്മാരുടെ മാത്രമല്ല ലോകജനതയെ മുഴുവനും അത്ഭുതപ്പെടുത്തിക്കൊണ്ട് യേശു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന ആ കർത്താവ് തന്നെ വിശ്വസിക്കുന്നവർക്ക് ഒരു കൽപന നൽകി. ആകയാൽ നിങ്ങൾ പുറപ്പെട്ട് .... ശിഷ്യരാക്കി കൊൾവിൻ (മത്താ. 28:20). ഈ ശിഷ്യത്വം സ്വീകരിച്ചിരിക്കുന്ന ഓരോ വ്യക്തിയും ഈ കൽപന അംഗീകരിച്ചേ മതിയാകയുള്ളൂ.

ഈ കൽപന അനുസരിച്ച് പുറപ്പെടേണ്ടതാണ്. അനേക ക്രിസ്തു ഭക്തർ ക്രിസ്തു നൽകിയ ദൗത്യവുമായി അങ്ങുമിങ്ങും ചുറ്റി സഞ്ചരിച്ച് അനേകരെ ശിഷ്യന്മാരാക്കിക്കൊണ്ടിരിക്കുന്നു. അപ്രകാരം ആഗോള ക്രൈസ്തവ സഭയിൽ പ്രാർത്ഥനാ വീരനായി വ്യക്തിമുദ്ര പതിപ്പിച്ച വിശ്വാസവീരനാണ് ജോർജ്ജ് മുള്ളർ.

### ജനനവും ബാല്യകാലവും

1805 സെപ്റ്റംബർ 27-ന് ജർമ്മനിയിലെ പ്രഷ്യാ ക്രോപ്പൻ സ്റ്റെഡറ്റ് എന്ന നഗരത്തിൽ ജനിച്ചു. സാധാരണക്കാരായ മാതാപിതാക്കളായിരുന്നു മുള്ളറുടേത്. ബാല്യകാലം ദൈവഭയമില്ലാത്ത ഒരു ജീവിതശൈലിയിലാണ് ജീവിച്ചത്. പിതാവിനാൽ തങ്ങളുടെ സഹോദരന്മാരേക്കാളധികം സ്നേഹിക്കപ്പെട്ടു. ചീത്ത കൂട്ടുകെട്ടുകൾക്കും കുറവില്ലായിരുന്നു. ചീട്ടുകളിയിൽ വലിയ ഭ്രമം ഉണ്ടായിരുന്നതിനാൽ സുഹൃത്തുക്കളുമൊത്ത് വ്യഥാലാപനത്തിന് അധികം സമയം ചെലവഴിച്ചു. മദ്യപാനത്തിനു ജീവിതത്തിൽ ഇടം കൊടുത്തതിനാൽ മദ്യപാനാസക്തി പൂണ്ട് തെരുവുകളിലൂടെ അലഞ്ഞു നടന്നു. അങ്ങനെ മുള്ളർ ഒരു ദുർമാർഗ്ഗ ജീവിതത്തിനുടമയായിത്തീർന്നു. നോവൽ വായനയിലും ആർവ്വം കാണിച്ചു. പിതാവിന്റെ സ്നേഹഭാജനമായതിനാൽ പിതാവിൽ നിന്നും ലഭിച്ച

പണം മുഴുവൻ ദുർവിനിയോഗം ചെയ്തു. ഇങ്ങനെ ബാല്യകാലം സാത്താന്റെ അടിമത്വത്തിൽ കഴിക്കേണ്ടിവന്നു.

മദ്യപാനത്തിനും ദുർമ്മാർഗ്ഗത്തിനും പണം അധികമായി ചെലവഴിച്ചു. പണം ലഭിക്കാതെ വരുമ്പോൾ മറ്റുള്ളവരെ കബളിപ്പിക്കുന്നതിനും ഒരു മടിയുമില്ലായിരുന്നു. കടം വാങ്ങുന്നതു പതിവായിത്തീർന്നു. തിരികെ കൊടുക്കുന്ന സ്വഭാവം ലേശവും ഉണ്ടായിരുന്നില്ല. ഭക്ഷണശാലയിൽ കയറി പണം അടക്കാതെ കടന്നുകളയുന്നതു മാ ത്രമല്ല വാടക നൽകാതെ ഓടിപ്പോകുകയും പതിവായിരുന്നു. പിതാവിൽ നിന്നും ലഭിക്കുന്ന പണം ഷൂസിനുള്ളിൽ മറച്ചുവെക്കുന്നതും തനിക്ക് ഹരമായിരുന്നു. മദ്യപാനികളായിരുന്നു മുള്ളറുടെ സുഹൃത്തുക്കൾ. കുത്തഴിഞ്ഞ ജീവിതത്തോട് വിടപറയണമെന്നു താൻ പലവട്ടം ആഗ്രഹിച്ചുവെങ്കിലും അതു വെറും വിഫലശ്രമം ആയിരുന്നു.

### മാതാവിന്റെ മരണം

മുള്ളറിന്റെ 15-ാം വയസ്സിൽ മാതാവ് 1820-ൽ നിര്യാതയായി. പക്ഷെ ആ മാതാവിന്റെ മരണം പോലും മുള്ളറിനെ വേദനിപ്പിച്ചില്ല. മാതാവിന്റെ മരണത്തേക്കാൾ സുഹൃത്തുക്കൾക്കൊപ്പം ചാഞ്ചാടി നടക്കുന്നതിൽ മുള്ളർ തൃപ്തി കണ്ടെത്തി. എന്നാൽ ഇടയ്ക്കിടെ മാനസാന്തരമുണ്ടായെങ്കിലും യേശുവിൽ നിന്നും ലഭിക്കുന്ന അഗാധമായ സ്നേഹം ഹൃദയത്തിന്റെ ആഴത്തിൽ കടന്നുചെല്ലുവാൻ അനുവദിച്ചില്ല. ആലയത്തിൽ നൽകേണ്ടിയ പണം പോലും മോഷ്ടിച്ച് അതിൽ നിന്നും ധൂർത്തിനായി ചെലവഴിച്ചിരുന്നു. മാതാവിന്റെ മരണശേഷവും ജീവിതത്തിനു യാതൊരു മാറ്റവും ഇല്ലാതെ പാപത്തിനു തന്നെ എറിഞ്ഞുകൊടുത്തു.

### ആഢംബരജീവിതത്തിന്റെ അനന്തരഫലം

മാതാവിന്റെ മരണശേഷം 1821-ൽ തന്റെ പതിനാറാമത്തെ വയസ്സിൽ തന്റെ സുഹൃത്തുക്കളുമായി സല്ലാപത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. വീരസാഹസകഥകൾ പറഞ്ഞു ഫലിപ്പിക്കുന്നതിലും വിദഗ്ദനായിരുന്നു. ആഢംബര ജീവിത്തിൽ ആകൃഷ്ടനായ മുള്ളർ ഹോട്ടൽ മുറികളിലും മറ്റും വാടകയ്ക്കു താമസിച്ചു. പക്ഷെ പലപ്പോഴും പണം കൊടുക്കാതെ രക്ഷപ്പെടുകയാണ് പതിവ്. അന്ന് പതിവുപോലെ ബില്ലുവാങ്ങാതെ ജനലു വഴിയായി ഓടി രക്ഷപ്പെടുവാൻ ശ്രമിക്കവേ സെക്യൂരിറ്റിയുടെ കയ്യിലകപ്പെട്ട് ജയിലിൽ അടയ്ക്കപ്പെട്ടു. ബാലനായിരുന്നപ്പോൾ തന്നെ ഒരു മാസം ജയിൽ വാസം അനുഭവിക്കേണ്ടിവന്നു. എന്നാൽ പിതാവ്, അവിടെ നിന്നും ഇറക്കിക്കൊണ്ടുവന്നു. വളരെ കഷ്ടതയേറിയ ജയിൽവാസമായിരുന്നു അത് എന്ന് മുള്ളർ പിന്നീട് പറഞ്ഞു.

### വായനാശീലം

വളരെ ദുർമാർഗ്ഗ ജീവിതം നയിച്ചുവെങ്കിലും വായനാശീലം വളർത്തിയെടുക്കുന്നതിൽ മിടുക്കനായിരുന്നു. വായനാശീലം വിജ്ഞാനം വളരുവാനിടയാക്കി. അക്കാലത്ത് തനിക്കു വായിക്കുവാനായി ഏകദേശം 300 പുസ്തകങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ബൈബിൾ വായിക്കുന്നതിൽ തൽപരനല്ലായിരുന്നു. മകന്റെ ദുഃസ്വഭാവം മാറ്റിയെടുക്കുന്നതിനായി പിതാവ് മുള്ളറിനെ ഒരു വൈദികനായിരുന്ന ഡോ. നാഗസിനോടൊപ്പം താമസിപ്പിച്ചു. എന്നാൽ അവിടെ നിന്നും 'ഹാലേ' എന്ന പ്രസിദ്ധിയാർജ്ജിച്ച കോളേജിൽ പഠനത്തിനായി പോയി. അവിടെയെത്തിയ മുള്ളർ വായനാശീലത്തോടൊപ്പം കായികഭ്യാസത്തിലും തൽപരനായി. കൂടാതെ ലാറ്റിൻ, ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ്, ഹീബ്രു, ഗ്രീക്ക് എന്നീ ഭാഷകൾ പഠിച്ചു. വിജ്ഞാനം വളർത്തിയെടുത്തു ദീപമായി പ്രകാശിച്ചു. ആ പ്രകാശം വ്യാപിക്കുവാൻ ആരംഭിച്ചു. ... (തുടരും)

Glory to God !

*For the perfecting of the saints, for the work of the ministry. (Eph. 4:12)*

# APOLLOS THEOLOGICAL COLLEGE

**(A wing of The Living Way Ministries, Mumbai. Regd. No. E-23448/2006)**

Post Box 17315, Bhandup (W), Mumbai-400 078.

*Affiliated with*

**NEW LIFE BIBLICAL SEMINARY, CHERUVAKKAL, AYOOR, KERALA.**

**Accredited by Asia Theological Association. (ATA)**

*Applications are Invited from born again committed men and women for the following courses*

| COURSES | DURATION | MEDIUM | ELIGIBILITY |
| --- | --- | --- | --- |
| Certificate in Theology (C.Th.) | 1 Year | English/Hindi | 10th Pass (or) Fail |
| Diploma in Theology (D.Th.) | 2 Years | ,, | 10th Pass |
| Bachelor of Theology (B.Th.) | 3 Years | ,, | 12th Pass |
| Master of Divinity (M.Div.) (ATA) | 3 Years | English | B. Th. (or) Secular Degree (or) Mature Candidates (above 25 Years) |

**M.Div. (ATA) is the External Programme**

★ *Bible Based* ★ *Christ Centered* ★ *Ministry Oriented*

Attractive Fee Structure !

Admission Started !! Apply Immediately !!!

*The Director*

## APOLLOS THEOLOGICAL COLLEGE

14/1, Sunita Estate, Shastri Nagar, Opp. Jainam Hall,
L.B.S. Marg, Bhandup (W), Mumbai - 400 078.
**Mob. : 93245 59533 / 98676 34153**
E-mail : apollos08@gmail.com
www.thelivingway.org

**"ഇതാ, ഞാൻ രോഗശാന്തിയും**
**ആരോഗ്യവും വരുത്തി**
**അവരെ സൗഖ്യമാക്കുകയും**
**സമാധാനത്തിന്റെയും**
**സത്യത്തിന്റെയും**
**സമൃദ്ധി അവർക്കു**
**വെളിപ്പെടുത്തുകയും ചെയ്യും"**

**(യിര. 33:6)**

**www.thelivingway.in**

Edited & Published by : Pr. LIVINGSTON ZECHARIAH,
on behalf of The Living Way Ministires, Mumbai - 400 078.